1940/സി/2015/കെ.എസ്.എച്ച്.ഒ 21/07/2015

# സർക്കുലർ

വിഷയം: കുടുംബശ്രീ – എൻ.ആർ.എൽ.എം. – കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് – മാർഗ്ഗ നിർദ്ദേശങ്ങൾ – ഭേദഗതി വരുത്തി പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന: എൻ.ആർ.എൽ.എം. വാർഷിക ആക്ഷൻ പ്ലാൻ 2012–13, 2013–14, 2014–15

സംസ്ഥാനത്തെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കുടുംബശ്രീയിൽ ഇന്ന് 2.50 ലക്ഷം അയൽക്കൂട്ടങ്ങളിലായി 40 ലക്ഷം കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായിട്ടുള്ള പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് അവരുടെ അടിയന്തിര ഉപഭോഗ ആവശ്യങ്ങൾ, കുടുംബാംഗങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ, ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ, മറ്റ് ഉപജീവന പ്രവർത്തനങ്ങൾ, തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള കടബാധ്യതകൾ തീർപ്പാക്കൽ തുടങ്ങിയവയ്ക്ക് ആവശ്യമായ പിന്തുണ നൽകുകയെന്നത് കുടുംബശ്രീ മിഷന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെട്ടതാണ്. ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭാഗമായി കുടുംബശ്രീക്ക് ലഭ്യമായിട്ടുള്ള റിവോൾവിംഗ് ഫണ്ട്, കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മന്റ് ഫണ്ട് എന്നീ പിന്തുണകൾ ഒരു പരിധിവരെ അയൽക്കൂട്ട അംഗങ്ങളുടെ ഇത്തരം ആവശ്യങ്ങൾ പരിഹരിക്കുന്നതിനു സഹായകരമാകും. മാത്രമല്ല, ഈ ഫണ്ടുകൾ സംഘടനാ സംവിധാനങ്ങളായ സിഡിഎസ്, എഡിഎസ് മുഖേന കൈകാര്യം ചെയ്യുന്നതിനാൽ സംഘടനാ സംവിധാനങ്ങളുടെ ശാക്തീകരണത്തിനും ഇത് സഹായകരമാകുന്നു. വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾക്കു മാത്രമാണ് ഈ ഫണ്ടിനായുള്ള അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ അയൽക്കൂട്ടങ്ങളുടെ മികച്ച രീതിയിലുള്ള പ്രവർത്തനങ്ങൾക്കും ഇത് സഹായകരമാകും.

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭാഗമായി ഗ്രാമ പ്രദേശ സിഡിഎസ്സുകളിൽ നടപ്പിലാക്കുന്ന റിവോൾവിംഗ് ഫണ്ട്, കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുന്നു.

## 2) കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് (CIF)

മികച്ച രീതിയിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾ അവയുടെ സമ്പാദ്യം, റിവോൾവിംഗ് ഫണ്ടായി ലഭ്യമായ തുക എന്നിവ ഉപയോഗിച്ച് അംഗങ്ങളുടെ അടിയന്തിര ആവശ്യങ്ങൾ ആന്തരിക വായ്പ പ്രവർത്തനം മുഖേന വളരെ ഭംഗിയായി നിറവേറ്റിവരുന്നു. എന്നാൽ ചെറിയ രീതിയിലുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനും മറ്റു സാമൂഹ്യ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും അയൽക്കൂട്ട അംഗങ്ങൾക്ക് കുറച്ചുകൂടി അധികം തുക അയൽക്കൂട്ടങ്ങളിൽ നിന്നും ആന്തരിക വായ്പയായി ആവശ്യമായി വരും. ഇത്തരം സന്ദർഭങ്ങളിൽ അയൽക്കൂട്ട അംഗങ്ങൾക്കുവേണ്ടിയാണ് കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് എന്ന ധനസഹായത്തിന് രൂപം നൽകിയിരിക്കുന്നത്.

### 2.1 <u>അയൽക്കൂട്ടത്തിന് കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് ലഭ്യമാകുന്നതിനു വേണ്ട അർഹതാ മാനദണ്ഡങ്ങൾ :-</u>

- ഗ്രാമ പ്രദേശ സിഡിഎസ്സുകളിലെ അയൽക്കൂട്ടങ്ങൾക്കു മാത്രമാണ് ഈ ഫണ്ട് ലഭ്യമാക്കുക.
- അയൽക്കൂട്ടത്തിൽ കുറഞ്ഞത് 70% അംഗങ്ങൾ എങ്കിലും ബിപിഎൽ കുടുംബങ്ങളിൽ നിന്നുള്ളവരായിരിക്കണം,
- ആരംഭിച്ച് ആറ് മാസം കഴിഞ്ഞ അയൽക്കൂട്ടങ്ങൾക്കു മാത്രമേ ഫണ്ട് ലഭ്യമാകുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.
- അയൽക്കൂട്ടങ്ങൾ താഴെപറയുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കുന്നവയായിരിക്കണം:
    - കൃത്യമായി എല്ലാ ആഴ്ചയിലും യോഗം ചേരുന്ന അയൽക്കൂട്ടമായിരിക്കണം. അയൽക്കൂട്ട യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർ 90% അതിൽ കൂടുതലോ ഉണ്ടായിരിക്കണം
    - അംഗങ്ങൾ തങ്ങളുടെ സമ്പാദ്യം കൃത്യമായി എല്ലാ ആഴ്ചയിലും അയൽക്കൂട്ട യോഗത്തിൽ നിക്ഷേപിക്കുന്ന അയൽക്കൂട്ടമായിരിക്കണം
    - ആരംഭിച്ച് മൂന്നുമാസം കഴിഞ്ഞ അയൽക്കൂട്ടങ്ങൾ ആന്തരിക വായ്പാ പ്രവർത്തനം നടത്തുന്ന അയൽക്കൂട്ടങ്ങളായിരിക്കണം. ആന്തരിക വായ്പ ലഭ്യമാകുന്ന അയൽക്കൂട്ടാംഗങ്ങൾ കൃത്യമായി വായ്പ തിരിച്ചടവ് നടത്തുന്ന അയൽക്കൂട്ടമായിരിക്കണം. (തിരിച്ചടവിൽ കുടിശിക ഉണ്ടാകുവാൻ പാടുള്ളതല്ല).

- ○ കുടുംബശ്രീ മിഷൻ നിഷ്കർഷിച്ചിട്ടുള്ള എല്ലാ രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുകയും കൃത്യമായി എഴുതുകയും ചെയ്യുന്ന അയൽക്കൂട്ടമായിരിക്കണം.
- ○ വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന അയൽക്കൂട്ടമായിരിക്കണം

- ആരംഭിച്ച് ഒരു വർഷം കഴിഞ്ഞ അയൽക്കൂട്ടങ്ങൾ കാസ് ഓഡിറ്റ് പൂർത്തീകരിച്ചിരിക്കണം.
- അയൽക്കൂട്ടത്തിന് ബാങ്കിൽ എസ്.ബി. അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടായിരിക്കണം.
- കുടുംബശ്രീ മിഷൻ സമയാസമയങ്ങളിൽ നൽകുന്ന പരിശീലനങ്ങളിൽ അയൽക്കൂട്ട ഭരണ സമിതി അംഗങ്ങൾ പങ്കെടുത്തിട്ടുണ്ടാകണം.
- കുടുംബശ്രീ മിഷന്റെ ഡിജിറ്റൈസ്ഡ് എം.ഐ.എസ്സി.ലേയ്ക്ക് എന്റർ ചെയ്യുന്നതിനായി എല്ലാ മാസവും കൃത്യമായി അയൽക്കൂട്ടങ്ങളുടെ വിവരങ്ങൾ സി.ഡി.എസ്സിനു നൽകുന്ന അയൽക്കൂട്ടമായിരിക്കണം.

**എത്രയാണ് ഒരു അയൽക്കൂട്ടത്തിന് ലഭിക്കാവുന്ന സി.ഐ.എഫ് വായ്പ**

താഴെപറയുന്ന പ്രകാരമായിരിക്കും സി.ഐ.എഫ് വായ്പ തീരുമാനിക്കുന്നത്.

1. മൈക്രോ ക്രെഡിറ്റ് പ്ലാൻ പ്രകാരം അയൽക്കൂട്ടം അഭ്യർത്ഥിച്ചിരിക്കുന്ന തുക
2. അയൽക്കൂട്ട സമ്പാദ്യത്തിന്റെ 4 മുതൽ 9 തവണ (അയൽക്കൂട്ടത്തിന്റെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവിനനുസരിച്ച് സി.ഐ.എഫിന് ശുപാർശ നൽകാവുന്നതാണ്).
3. 50000 രൂപ

ഇതിൽ ഏറ്റവും കുറഞ്ഞ തുകയായിരിക്കണം സിഡിഎസ് കമ്മിറ്റി ശുപാർശ ചെയ്ത് അയൽക്കൂട്ടത്തിന് സി.ഐ.എഫ് വായ്പയായി നൽകേണ്ടത്.

## 2.2 കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് ഉപയോഗം

മുകളിൽ സൂചിപ്പിച്ച നിബന്ധനകൾ പാലിച്ചു പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ടായി പരമാവധി 50,000/- രൂപ വരെ ലഭ്യമാകുന്നതാണ്. സി.ഡി.എസിൽ നിന്നും എ.ഡി.എസ്സിന്റെ ശുപാർശ പ്രകാരം അയൽക്കൂട്ടങ്ങൾക്ക് വായ്പയായാണ് കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് അനുവദിക്കുന്നത്. ഇപ്രകാരം ലഭ്യമാകുന്ന സി.ഐ.എഫ്. വായ്പ തുക അയൽക്കൂട്ടാംഗങ്ങൾ അയൽക്കൂട്ടത്തിനും, അയൽക്കൂട്ടം ബാങ്കിലെ സിഐഎഫ്

അക്കൗണ്ടിലും നേരിട്ടും തിരിച്ചടയ്ക്കേണ്ടതാണ്. തിരിച്ചടച്ച വിവരം സി.ഡി.എസ്സിനെയും എ.ഡി.എസ്സിനെയും രേഖാമൂലം അറിയിക്കേണ്ടതാണ്.

### 2.3 കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് ലഭ്യമാകുന്നതിന് അപേക്ഷ സമർപ്പിക്കേണ്ട വിധം

- അയൽക്കൂട്ടങ്ങൾ സി.ഐ.എഫ്. ലഭ്യമാകുന്നതിനായി നിശ്ചിത ഫോർമാറ്റിൽ അപേക്ഷ എ.ഡി.എസ്സിനു സമർപ്പിക്കേണ്ടതാണ്. ഫോർമാറ്റ് അനുബന്ധം 1 ൽ കൊടുത്തിരിക്കുന്നു.
- അപേക്ഷയോടൊപ്പം സി.ഐ.എഫ്. ആവശ്യമായ അയൽക്കൂട്ട അംഗങ്ങൾക്കായി ഒരു മൈക്രോ പ്ലാൻ കൂടി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. (അനുബന്ധം 2).
- ഇപ്രകാരം തയ്യാറാക്കുന്ന അപേക്ഷയുടെയും മൈക്രോ പ്ലാനിന്റെയും ഓരോ പകർപ്പ് സഹിതം എ.ഡി.എസിനു സമർപ്പിക്കേണ്ടതാണ്. എഡിഎസ്സ് അയൽക്കൂട്ടത്തിന് അപേക്ഷ സ്വീകരിക്കുമ്പോൾ രസീത് നൽകേണ്ടതുമാണ്.
- എഡിഎസ് ഒരു സി.ഐ.എഫ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
- എഡിഎസ് കമ്മിറ്റി പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ള അയൽക്കൂട്ടങ്ങളുടെ അപേക്ഷയുടെ ഒരു പകർപ്പ് ശുപാർശസഹിതം സിഡിഎസിന് സമർപ്പിക്കണം. ഒരു പകർപ്പ് എ.ഡി.എസ് സൂക്ഷിക്കേണ്ടതാണ്.
- സിഡിഎസ്സിൽ ലഭ്യമാകുന്ന അപേക്ഷകൾ എം.എഫ്. സബ് കമ്മിറ്റി പരിശോധിക്കേണ്ടതും സി.ഡി.എസ് കമ്മിറ്റിയുടെ ശുപാർശയ്ക്കായി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.
- സി.ഡി.എസ് കമ്മിറ്റി അപേക്ഷകൾ വിലയിരുത്തി അർഹമായ അയൽക്കൂട്ടങ്ങൾക്ക് സി.ഐ.എഫ് വിതരണം ചെയ്യുന്നതിന് സിഡിഎസ് ചെയർപേഴ്സണെയും മെമ്പർ സെക്രട്ടറിയെയും ചുമതലപ്പെടുത്തേണ്ട താണ്.

### 2.4 <u>കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് വിതരണം ചെയ്യുന്ന രീതി</u>

- <u>**സംസ്ഥാന മിഷന്റെ ചുമതലകൾ**</u>
  - സി.ഐ.എഫ് ഫണ്ട് വിനിയോഗത്തിനുവേണ്ടി ജില്ലാ മിഷൻ ടീമിന് പരിശീലനം നൽകുക.

- സി.ഐ.എഫ് വിനിയോഗത്തെകുറിച്ച് പഠനം നടത്തുക.
- സി.ഐ.എഫ് ഫണ്ട് വിനിയോഗത്തിന് രണ്ടാം ഘട്ടമെന്ന നിലയിൽ ഐറ്റി/ഐറ്റിഇഎസ് സേവനങ്ങൾ പ്രയോജനപ്പെടുത്തുക.
  - അയൽക്കൂട്ടത്തിൽ നിന്നും സിഐഎഫ് അനുവദിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ ഒരു വെബ് പോർട്ടൽ രൂപീകരിച്ച് ഇതുവഴി രജിസ്റ്റർ ചെയ്യുക.
  - സിഐഎഫ് അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാനും സത്യസന്ധവും നീതിപൂർവ്വുമായി രീതിയിൽ പദ്ധതി നടപ്പിലാക്കുവാൻ വെബ് പോർട്ടൽ ഉപകരിക്കും.
  - വെബ് പോർട്ടലിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ സിഡിഎസ് കമ്മിറ്റി വിലയിരുത്തി സിഐഎഫ് ഫണ്ട് നൽകുവാൻ സിഡിഎസ് ചെയർപേഴ്സണെയും മെമ്പർ സെക്രട്ടറിയെയും ചുമതലപ്പെടുത്തുന്നതാണ്.

- **ജില്ലാ മിഷന്റെ ചുമതലകൾ**
  - സി.ഐ.എഫ് ഫണ്ട് കൈകാര്യം ചെയ്യുന്നതിനു പ്രാപ്തരായ സി.ഡി.എസ്സുകളെ ജില്ലാ മിഷൻ ഗ്രേഡ് ചെയ്തു കണ്ടെത്തേണ്ടതാണ്. താഴെപ്പറയുന്ന മാനദണ്ഡങ്ങൾ ഉപയോഗിച്ച് ജില്ലാ മിഷൻ സി.ഐ.എഫ് നൽകാവുന്ന സിഡിഎസ്സുകളെ കണ്ടെത്താവുന്നതാണ്. ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ തീരുമാനം അന്തിമമായിരിക്കും.
    1. എത്ര കുടുംബങ്ങൾ സിഡിഎസ്സിന്റെ കീഴിൽ ഉൾപ്പെട്ടിട്ടുണ്ട്.
    2. പാർശ്വവത്ക്കരിക്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം
    3. ലൈവ് ലിങ്കേജിന്റെ ശതമാനം
    4. ഒരിക്കലും ലിങ്ക് ചെയ്യാത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം
    5. എം.എഫ് സബ്കമ്മിറ്റി മീറ്റിംഗിന്റെ എണ്ണം
    6. ജില്ലാ മിഷൻ മീറ്റിംഗുകളിലുള്ള പങ്കാളിത്തം
    7. കുടുംബശ്രീ പ്രവർത്തനങ്ങളുടെ റിപ്പോർട്ടിംഗ്
    8. തിരിച്ചടവിന്റെ പ്രശ്നങ്ങൾ കുറഞ്ഞിട്ടുള്ള സിഡിഎസ്സുകൾ
    9. തിരിച്ചടവ് മോണിറ്ററിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനം
    10. ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ വിലയിരുത്തൽ

മുകളിൽ പറഞ്ഞ ചില മാനദണ്ഡങ്ങൾ മാത്രം ഉൾപ്പെടുത്തിയോ അല്ലെങ്കിൽ എല്ലാ മാനദണ്ഡങ്ങളും ഉൾപ്പെടുത്തിയോ ജില്ലാമിഷൻ സിഡിഎസ്സുകളെ വിലയിരുത്താവുന്നതാണ്.

- ഇപ്രകാരം ജില്ലാ മിഷൻ കണ്ടെത്തുന്ന സിഡിഎസ്സുകൾക്കു മാത്രമേ സി.ഐ.എഫ് ഫണ്ട് വിതരണം ചെയ്യുന്നതിനു അർഹതയുണ്ടായിരിക്കുകയുള്ളു.
- സിഡിഎസ്സുകൾ അപേക്ഷകൾ സമർപ്പിക്കുന്നതിനുസരിച്ച് അർഹമായ തുക ജില്ലാ മിഷനുകളിൽ നിന്നും സിഡിഎസ്സിനു വിതരണം ചെയ്യുന്നതാണ്.
- സുതാര്യവും നീതിപൂർവ്വവും സത്യസന്ധതയോടെയും സിഐഎഫ് ഫണ്ടിനുള്ള അപേക്ഷകൾ സിഡിഎസ് കൈകാര്യം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുക.

- **<u>സി.ഡി.എസിന്റെ ചുമതലകൾ</u>**
  - സിഡിഎസ്സിൽ സിഐഎഫ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. (അനുബന്ധം 3 ൽ സിഡിഎസ് രജിസ്റ്റർ ഫോർമാറ്റുകൾ നൽകിയിരിക്കുന്നു).
  - സി.ഐ.എഫ്. ഇനത്തിൽ ജില്ലാ മിഷനിൽ നിന്നും ലഭ്യമാകുന്ന ഫണ്ട് ഒരു പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്.
  - സിഡിഎസ് ചെയർപേഴ്സണും മെമ്പർ സെക്രട്ടറിയും ചേർന്നുള്ള ഒരു സംയുക്ത (ജോയിന്റ്) ബാങ്ക് അക്കൗണ്ടാണ് ആരംഭിക്കേണ്ടത്.
  - ഇതിനായി ഒരു പ്രത്യേക അക്കൗണ്ട് സി.ഡി.എസ്. ആരംഭിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് ആരംഭിക്കുമ്പോൾ പഞ്ചായത്തിൽ ഏറ്റവും അധികം അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ബാങ്കിന് മുൻഗണന നൽകേണ്ടതാണ്. കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്കിൽ സിഐഎഫ് അക്കൗണ്ട് തുടങ്ങിയാൽ അയൽക്കൂട്ടങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നതാണ്.
  - സുതാര്യവും നീതിപൂർവ്വവും സത്യസന്ധതയോടെയും ആയിരിക്കണം സിഐഎഫ് ഫണ്ടിനുള്ള അപേക്ഷകൾ സിഡിഎസ് കൈകാര്യം ചെയ്യേണ്ടത്.

- അയൽക്കൂട്ടത്തിന് നൽകുന്ന സിഐഎഫ് തുകയുടെ പലിശ നിരക്ക് 4% വും തിരിച്ചടവ് 6 മുതൽ 12 വരെ മാസങ്ങളുമാണ്.
- സംസ്ഥാന മിഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന സിഐഎഫ് വെബ് പോർട്ടൽ പ്രാവർത്തികമായാൽ, പോർട്ടൽ ഉപയോഗിച്ച് സിഐഎഫ് വിതരണം ചെയ്യേണ്ടതാണ്.
- അയൽക്കൂട്ടങ്ങൾ വായ്പാ തുക കൃത്യമായി തിരിച്ചടയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തണം.
- കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് വിതരണം വർഷത്തിലൊരിക്കൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.
- കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് വിതരണത്തിലൂടെ ലഭിക്കുന്ന പലിശ 75:25 എന്ന അനുപാതത്തിൽ വിഭജിച്ച് 75% സിഡിഎസ്സിനും 25% എഡിഎസ്സിനും നൽകേണ്ടതാണ്.
- അയൽക്കൂട്ടത്തിന് തിരിച്ചടവ് പട്ടിക സി.ഐ.എഫ്. അനുവദിച്ച തുക, തിരിച്ചടവ് തീയതി എന്നിവ രേഖാമൂലം നൽകേണ്ടതാണ്.

**തിരിച്ചടവ് തുക കൈകാര്യം ചെയ്യുന്നതിനുള്ള രീതികൾ**

1. അയൽക്കൂട്ടങ്ങൾ സിഐഎഫ് അക്കൗണ്ടിൽ നേരിട്ട് നിക്ഷേപിക്കേണ്ടതും രസീത് സിഡിഎസ്സിന് നൽകേണ്ടതുമാണ്. സിഡിഎസ് തുക നേരിട്ട് കൈകാര്യം ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കണം.

- **<u>എ.ഡി.എസിന്റെ ചുമതലകൾ</u>**

  - സിഡിഎസ് കമ്മിറ്റി അംഗീകാരം നൽകിയ അയൽക്കൂട്ടങ്ങൾക്ക് അർഹമായ തുക ലഭിക്കുന്നുവെന്ന് എ.ഡി.എസ് ഉറപ്പുവരുത്തേണ്ടതാണ്.
  - അയൽക്കൂട്ടങ്ങൾ വായ്പാ തുക കൃത്യമായി തിരിച്ചടയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തണം.
  - അയൽക്കൂട്ടത്തിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ ക്രോഡീകരിച്ച് വിലയിരുത്തിയതിനുശേഷം സിഡിഎസ്സിന് റിപ്പോർട്ട് നൽകുക.

- **അയൽക്കൂട്ടത്തിന്റെ ചുമതലകൾ**
    - അയൽക്കൂട്ടം മൈക്രോ ക്രെഡിറ്റ് പ്ലാൻ പ്രകാരം ലഭ്യമായ സി.ഐ.എഫ്. വായ്പ അംഗങ്ങൾക്ക് ബാങ്ക് ചെക്കു മുഖേനയോ അല്ലാതെയോ വിതരണം ചെയ്യേണ്ടതാണ്. ഇത് മിനിട്ട്സിൽ രേഖപ്പെടുത്തേണ്ടതാണ്.
    - ഇപ്രകാരം അയൽക്കൂട്ടം അയൽക്കൂട്ടാംഗങ്ങൾക്ക് വിതരണം ചെയ്യുന്ന സി.ഐ.എഫ്. വായ്പയുടെ പലിശ നിരക്ക് 8% വും തിരിച്ചടവ് തവണകൾ 6 മുതൽ 12 മാസങ്ങളും ആയിരിക്കണം.
    - അയൽക്കൂട്ടം സിഡിഎസ്സുമായി ഒരു ഉടമ്പടി വയ്ക്കേണ്ടതാണ്. (അനുബന്ധം 4). തിരിച്ചടവിന്റെ പ്രശ്നങ്ങൾ വന്നാൽ സിഡിഎസ്സിന് അയൽക്കൂട്ടത്തിന്മേൽ നടപടി സ്വീകരിക്കുവാൻ ഇത് സഹായകരമാകും.
    - സിഡിഎസ്സിൽ തുക തിരിച്ചടയ്ക്കേണ്ടതിന്റെ തീയതിക്കു മുമ്പുതന്നെ അയൽക്കൂട്ട അംഗങ്ങളിൽ നിന്നും തുക ശേഖരിച്ച് സിഡിഎസ്സിന് നൽകേണ്ട ചുമതല അയൽക്കൂട്ട പ്രസിഡന്റിനും സെക്രട്ടറിക്കുമാണ്.

## 2.5 സിഐഎഫ് വായ്പാ തിരിച്ചടവ് സ്വീകരിക്കേണ്ട വിധം

- സി.ഐ.എഫ്. വായ്പാ തുക ലഭ്യമായ അയൽക്കൂട്ട അംഗം 8% പലിശ നിരക്കിൽ 6 മുതൽ 12 വരെ മാസതവണകളായി അയൽക്കൂട്ടത്തിന് തിരിച്ചടയ്ക്കേണ്ടതാണ്.
- അയൽക്കൂട്ടം, സി.ഡി.എസ്സിൽ നിന്നും ലഭ്യമായ സി.ഐ.എഫ്. വായ്പാ തുക 4% പലിശ നിരക്കിൽ 6 മുതൽ 12 വരെ മാസതവണകളായി സി.ഡി.എസ്സിനു തിരിച്ചടയ്ക്കേണ്ടതാണ്. അയൽക്കൂട്ടം സിഡിഎസ്സിന്റെ സിഐഎഫ് അക്കൗണ്ടിൽ തിരിച്ചടവ് തുക (ക്യാഷ്/ചെക്ക് മുഖേന) നേരിട്ട് ഒടുക്കേണ്ടതാണ്.
- സി.ഡി.എസ്സ്. ജില്ലാ മിഷനിൽ നിന്നും ലഭ്യമായ സി.ഐ.എഫ്. വായ്പാ തുക പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതും അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് ലഭ്യത അനുസരിച്ച് അർഹതയുള്ള അയൽക്കൂട്ടങ്ങൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.

## 2.6 സിഐഎഫ് വായ്പാ തിരിച്ചടവ് മുടക്കം വന്നാൽ

സിഡിഎസ് അയൽക്കൂട്ടത്തിനു നൽകുന്ന കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് തിരിച്ചടവിൽ കാലതാമസം നേരിട്ടാൽ അയൽക്കൂട്ടം സിഡിഎസ്സിന് പിഴത്തുക അടയ്ക്കേണ്ടതാണ്. കൂടാതെ അയൽക്കൂട്ടാംഗത്തിനു നൽകുന്ന കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് തിരിച്ചടവിൽ കാലതാമസം നേരിട്ടാൽ അയൽക്കൂട്ടാംഗം അയൽക്കൂട്ടത്തിന് പിഴതുക ഒടുക്കേണ്ടതാണ്. പിഴത്തുക ഒടുക്കേണ്ടതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- 0–30 ദിവസം താമസിച്ചാൽ 1% വും
- 31 മുതൽ 45 ദിവസം വരെ കാലതാമസം ഉണ്ടായാൽ 2% വും
- 45 ദിവസത്തിൽ കൂടുതൽ താമസിച്ചാൽ 3% വും പിഴത്തുക ഈടാക്കേണ്ടതാണ്.

3 മാസത്തിനു മേൽ തിരിച്ചടവിൽ കാലതാമസം വന്നാൽ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടിക്രമത്തിലും തുക വസൂലാക്കുന്നതാണ്. തിരിച്ചടവ് ഉറപ്പാക്കിയതിനു ശേഷം മാത്രമേ അയൽക്കൂട്ടത്തിന് മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ പാടുള്ളൂ.

Vasuki

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ ഗ്രാമ സിഡിഎസ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)

***പകർപ്പ്***

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ കൺസൾട്ടന്റുമാർക്കും (ജില്ലാ മിഷൻ മുഖേന)
3. കരുതൽ/അധികം

അനുബന്ധം 1

# ഗ്രാമ പ്രദേശ സി.ഡി.എസ്സുകളിലെ അയൽക്കൂട്ടങ്ങൾക്കുള്ള കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് അപേക്ഷ ഫോറം

## ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ്സ്.

തീയതി : ..................................

1. അയൽക്കൂട്ടത്തിന്റെ പേര് :
   a) മേൽ വിലാസം :
   b) ഫോൺ നമ്പർ :
2. വാർഡ് നമ്പർ / പേര് :
3. അയൽക്കൂട്ടം രൂപീകരിച്ച തിയതി :
4. സി.ഡി.എസിലെ അഫിലിയേഷൻ നമ്പർ :
5. അയൽക്കൂട്ടത്തിലെ അംഗങ്ങളുടെ എണ്ണം :
6. അയൽക്കൂട്ടത്തിന്റെ വിഭാഗം : എസ്.സി/എസ്.ടി/ മൈനോരിറ്റി/ജനറൽ/തീരദേശം/സ്പെഷ്യൽ
7. അക്കൗണ്ട് തുടങ്ങിയ ബാങ്കിന്റെ പേര് :
   a) ബാങ്ക് ബ്രാഞ്ച് :
   b) SB അക്കൗണ്ട് നമ്പർ :
8. ഒരു അംഗത്തിന്റെ ഒരാഴ്ചത്തെ നിക്ഷേപ തുക :
9. അയൽക്കൂട്ട യോഗങ്ങളിലെ ഹാജർ നിലവാരം (കഴിഞ്ഞ 6 മാസത്തെ ശരാശരി) :
10. ആന്തരിക വായ്പാ നിരക്ക്
    a) അയൽക്കൂട്ടത്തിന്റെ നാളിതു വരെയുള്ള ആകെ സമ്പാദ്യം : ..................................
    b) അയൽക്കൂട്ടത്തിന്റെ നിലവിലെ ആകെ ആന്തരിക വായ്പ : ..................................
    c) സമ്പാദ്യ വായ്പാ അനുപാതം (b/a) : ..................................
11. കാസ് ഓഡിറ്റ് പൂർത്തീകരിച്ച തിയതി :
12. <u>അയൽക്കൂട്ടം അംഗങ്ങളുടെ വിവരങ്ങൾ</u>

| ക്രമ നമ്പർ | പേരും മേൽവിലാസവും | അംഗത്വം നൽകിയ തീയതി | വയസ്സ് | ബി.പി.എൽ/ എ.പി.എൽ | വിഭാഗം ജനറൽ/എസ്.സി./ എസ്.റ്റി/മറ്റുള്ളവ (വ്യക്തമാക്കുക) | ഒപ്പ് |
|---|---|---|---|---|---|---|
| 1. | | | | | | |
| 2. | | | | | | |
| 3. | | | | | | |
| 4. | | | | | | |

| ക്രമ നമ്പർ | പേരും മേൽവിലാസവും | അംഗത്വം നൽകിയ തീയതി | വയസ്സ് | ബി.പി.എൽ/ എ.പി.എൽ | വിഭാഗം ജനറൽ/എസ്.സി./ എസ്.റ്റി/മറ്റുള്ളവ (വ്യക്തമാക്കുക) | ഒപ്പ് |
|---|---|---|---|---|---|---|
| 5. | | | | | | |
| 6. | | | | | | |
| 7. | | | | | | |
| 8. | | | | | | |
| 9. | | | | | | |
| 10. | | | | | | |
| 11. | | | | | | |
| 12. | | | | | | |
| 13. | | | | | | |
| 14. | | | | | | |
| 15. | | | | | | |
| 16. | | | | | | |
| 17. | | | | | | |
| 18. | | | | | | |
| 19. | | | | | | |
| 20. | | | | | | |

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് സത്യപ്രസ്താവന ചെയ്യുന്നു. ആയതിനാൽ ഞങ്ങളുടെ അയൽക്കൂട്ടത്തിന് കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മന്റ് ഫണ്ട്.......................... രൂപ അനുവദിച്ച് തരണമെന്ന് അപേക്ഷിക്കുന്നു. കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മന്റ് ഫണ്ട് ഇനത്തിൽ ലഭിക്കുന്ന ധനസഹായം അയൽക്കൂട്ടം സമർപ്പിച്ചിരിക്കുന്ന മൈക്രോ ക്രെഡിറ്റ് പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾക്കു മാത്രമേ ഉപയോഗിക്കുകയുള്ളൂ.

അയൽക്കൂട്ടം പ്രസിഡന്റിന്റെ
പേരും, ഒപ്പും, തീയതിയും

(അയൽക്കൂട്ടം
മുദ്ര)

അയൽക്കൂട്ടം സെക്രട്ടറിയുടെ
പേരും, ഒപ്പും, തീയതിയും

# എ.ഡി.എസ്സ് ശുപാർശ

- അയൽക്കൂട്ടത്തിൽ നിന്നും കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മന്റ് ഫണ്ട് അപേക്ഷ ലഭിച്ച തീയതി : ..................
- അപേക്ഷകൾ പരിശോധിക്കുന്നതിനായി എ.ഡി.എസ്. കമ്മിറ്റി ചേർന്ന തീയതി : ...............

........................................ വാർഡിലെ ....................................................................................... അയൽക്കൂട്ടം ............................... (അഫിലിയേഷൻ നമ്പർ) കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മന്റ് ഫണ്ട് ലഭിക്കാൻ അർഹതയുള്ള അയൽക്കൂട്ടമാണെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മന്റ് ഫണ്ട് അനുവദിക്കാവുന്നതാണ്. ഫണ്ട് ലഭ്യമാകുന്ന അയൽക്കൂട്ടം പ്രസ്തുത തുക അയൽക്കൂട്ടം സമർപ്പിച്ചിരിക്കുന്ന മൈക്രോ ക്രെഡിറ്റ് പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾക്കു മാത്രമാണ് ഉപയോഗിക്കുന്നതെന്ന് എ.ഡി.എസ്. കമ്മിറ്റി ഉറപ്പുവരുത്തുന്നതാണ്.

**തീയതി:**

(ഓഫീസ് മുദ്ര)

**എ.ഡി.എസ് ചെയർപേഴ്സന്റെ പേരും, ഒപ്പും, തീയതിയും**

---

# സി.ഡി.എസ്സിന്റെ പരിശോധനാ റിപ്പോർട്ട്

- എ.ഡി.എസിൽ നിന്നും കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മന്റ് ഫണ്ട് അപേക്ഷകൾ ലഭിച്ച തീയതി : ..................
- അപേക്ഷകൾ പരിശോധിക്കുന്നതിനായി സി.ഡി.എസ്സ് കമ്മിറ്റി ചേർന്ന തീയതി : ...............

........................................ വാർഡിലെ ....................................................................................... അയൽക്കൂട്ടം ............................. (അഫിലിയേഷൻ നമ്പർ) കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മന്റ് ഫണ്ട് ലഭിക്കാൻ അർഹത അയൽക്കൂട്ടമാണെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ കുടുംബശ്രീ മിഷന്റെ കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മന്റ് ഫണ്ട് ........................ രൂപ അനുവദിക്കാവുന്നതാണ്.

**സി.ഡി.എസ് ചെയർപേഴ്സന്റെ പേരും, ഒപ്പും, തീയതിയും**

(ഓഫീസ് മുദ്ര)

**മെമ്പർ സെക്രട്ടറി പേരും, ഒപ്പും, തീയതിയും**

---

*കുറിപ്പ്:*

1. *അപേക്ഷയുടെ കൂടെ സി.ഡി.എസിലെ അഫിലിയേഷൻ സർട്ടിഫിക്കറ്റിന്റെയും അയൽക്കൂട്ടത്തിന്റെ ബാങ്ക് പാസ്സ് ബുക്കിന്റെയും പകർപ്പും, സി.ഐ.എഫ് ആവശ്യമായ അയൽക്കൂട്ട അംഗങ്ങൾക്കായി തയ്യാറാക്കിയ മൈക്രോ ക്രെഡിറ്റ് പ്ലാനും അപേക്ഷയുടെയും മൈക്രോ ക്രെഡിറ്റ് പ്ലാനിന്റെയും ഓരോ പകർപ്പും,വയ്ക്കേണ്ടതാണ്.*
2. *പൂർണ്ണമായും പൂരിപ്പിക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.*
3. *ജില്ലാ മിഷൻ നടത്തുന്ന പരിശോധനയിൽ അപേക്ഷ വ്യാജമാണെന്ന് തെളിഞ്ഞാൽ ധനസഹായം തിരിച്ചു പിടിക്കുന്നതടക്കമുള്ള നിയമ നടപടികൾ ബന്ധപ്പെട്ടവർക്കെതിരെ സ്വീകരിക്കുന്നതാണ്.*

അനുബന്ധം 2

# മൈക്രോ ക്രെഡിറ്റ് പ്ലാൻ

അയൽക്കൂട്ടത്തിന്റെ പേര് : ..........................................................

| ക്രമ നമ്പർ | പേരും മേൽവിലാസവും | വിഭാഗം ജനറൽ/എസ്.സി./എസ്.റ്റി/മറ്റുള്ളവ (വ്യക്തമാക്കുക) | ബി.പി.എൽ/എ.പി.എൽ | വായ്പയുടെ ഉദ്ദേശം | നടപ്പിലാക്കാനുദ്ദേശിക്കുന്ന വരുമാനദായക പ്രവൃത്തികൾ | വരുമാനദായക പ്രവർത്തിനാവശ്യമായ തുക | ഗുണഭോക്തൃ വിഹിതം | അയൽക്കൂട്ടത്തിൽ നിന്നും പ്രതീക്ഷിക്കുന്ന വായ്പാ തുക |
|---|---|---|---|---|---|---|---|---|
| 1 | | | | | | | | |
| 2 | | | | | | | | |
| 3 | | | | | | | | |
| 4 | | | | | | | | |
| 5 | | | | | | | | |
| 6 | | | | | | | | |
| 7 | | | | | | | | |
| 8 | | | | | | | | |
| 9 | | | | | | | | |
| 10 | | | | | | | | |
| 11 | | | | | | | | |

| ക്രമ നമ്പർ | പേരും മേൽവിലാസവും | വിഭാഗം ജനറൽ/എസ്.സി./എസ്.റ്റി/മറ്റുള്ളവ (വ്യക്തമാക്കുക) | ബി.പി.എൽ/എ.പി.എൽ | വായ്പയുടെ ഉദ്ദേശം | നടപ്പിലാക്കാനുദ്ദേശിക്കുന്ന വരുമാനദായക പ്രവൃത്തികൾ | വരുമാനദായക പ്രവർത്തിനാവശ്യമായ തുക | ഗുണഭോക്തൃ വിഹിതം | അയൽക്കൂട്ടത്തിൽ നിന്നും പ്രതീക്ഷിക്കുന്ന വായ്പാ തുക |
|---|---|---|---|---|---|---|---|---|
| 12 | | | | | | | | |
| 13 | | | | | | | | |
| 14 | | | | | | | | |
| 15 | | | | | | | | |
| 16 | | | | | | | | |
| 17 | | | | | | | | |
| 18 | | | | | | | | |
| 19 | | | | | | | | |
| 20 | | | | | | | | |

അയൽക്കൂട്ടം പ്രസിഡന്റിന്റെ
പേരും, ഒപ്പും, തീയതിയും

(അയൽക്കൂട്ടം
മുദ്ര)

അയൽക്കൂട്ടം സെക്രട്ടറിയുടെ
പേരും, ഒപ്പും, തീയതിയും

ANNEXURE 3A

# COMMUNITY INVESTMENT FUND REGISTER

## CIF No:........./20...........

1 Name of NHG :

2 Total members in NHG :

3 Month and Year of starting the NHG :

4 Amount of Loan sanctioned :

5 Purpose of Loan :

6 No & date of resolution of the CDS Committee :

7 Loan date and cheque no.

8 Rate of interest :

9 No. of Instalment :

10 Amount of each instalment

11 Due Date :

**Name and Address of NHG memnbers**

| Sl No | Name | Designation (Position) | Address | Phone No | Signature |
|---|---|---|---|---|---|
| 1 | | | | | |
| 2 | | | | | |
| 3 | | | | | |
| 4 | | | | | |
| 5 | | | | | |
| 6 | | | | | |
| 7 | | | | | |
| 8 | | | | | |
| 9 | | | | | |
| 10 | | | | | |
| 11 | | | | | |
| 12 | | | | | |
| 13 | | | | | |
| 14 | | | | | |
| 15 | | | | | |
| 16 | | | | | |
| 17 | | | | | |
| 18 | | | | | |
| 19 | | | | | |
| 20 | | | | | |

Witness

NHG Secretery | CDS Chairperson | Member Sceretary

അനുബന്ധം 4

# കരാർ

.............................................ഗ്രാമപഞ്ചായത്തിലെ/നഗരസഭയിലെ/കോർപ്പറേഷനിലെ CDS ന് വേണ്ടി ചെയർപേഴ്സൺ............................................................ (ഒന്നാം കക്ഷി)

&

.................................................വാർഡിൽ ................................................................. അയൽക്കൂട്ടം പ്രസിഡന്റ് (രണ്ടാം കക്ഷി) തമ്മിൽ ഉഭയസമ്മതപ്രകാരം എഴുതിത്തയ്യാറാക്കിയ കരാർ ഉടമ്പടി.

രണ്ടാം കക്ഷി.................................................... ലെ ..............................................നമ്പർ അപേക്ഷ സമർപ്പിച്ചതിൻ പ്രകാരം ഒന്നാം കക്ഷി അനുവദിക്കുന്ന കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് (സിഐഎഫ്) അനുവദിച്ചു നൽകുന്നതിനുവേണ്ടിയുള്ള കരാർ.

കുടുംബശ്രീ സംസ്ഥാന മിഷൻ ................ തീയതി ........................ നം പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ വ്യവസ്ഥകൾ സ്വീകാര്യമെന്നു കണ്ട് .രണ്ടാം കക്ഷി ഒന്നാം കക്ഷിയിൽ നിന്നും .......................................തീയതയിൽ ഫണ്ട് സ്വീകരിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് ഇരുകക്ഷികളും തമ്മിൽ താഴെചേർക്കുന്ന വ്യവസ്ഥകൾ പ്രകാരം പ്രവർത്തിക്കുന്നതാണ്:

1. ... - ... - 2015 ലെ ........................................................ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാണ്.
2. അയൽക്കൂട്ടത്തിൽ കുറഞ്ഞത് 70% അംഗങ്ങൾ എങ്കിലും ബിപിഎൽ കുടുംബങ്ങളിൽ നിന്നുള്ളവരാണ്.

3. കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മന്റ് ഫണ്ട് ഇനത്തിൽ ലഭിക്കുന്ന ധനസഹായം അയൽക്കൂട്ടം സമർപ്പിച്ചിരിക്കുന്ന മൈക്രോ ക്രെഡിറ്റ് പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾക്കു മാത്രമേ ഉപയോഗിക്കുകയുള്ളൂ.
4. വ്യവസ്ഥകൾ പ്രകാരമുള്ള കൃത്യമായ തിരിച്ചടവ് ഉറപ്പാക്കുന്നതാണ്.

2015 ........................................ മാസം ............................................. തീയതി ഒപ്പുവച്ച കരാർ

ഒന്നാം കക്ഷി പേര് ഒപ്പ്

രണ്ടാം കക്ഷി പേര് ഒപ്പ്

സാക്ഷികൾ: (മുഴുവൻ അയൽക്കൂട്ട അംഗങ്ങൾ)

1. പേര് ഒപ്പ്
2. പേര് ഒപ്പ്
3. പേര് ഒപ്പ്
4. പേര് ഒപ്പ്
5. പേര് ഒപ്പ്
6. പേര് ഒപ്പ്
7. പേര് ഒപ്പ്
8. പേര് ഒപ്പ്
9. പേര് ഒപ്പ്
10. പേര് ഒപ്പ്
11. പേര് ഒപ്പ്
12. പേര് ഒപ്പ്
13. പേര് ഒപ്പ്
14. പേര് ഒപ്പ്
15. പേര് ഒപ്പ്
16. പേര് ഒപ്പ്
17. പേര് ഒപ്പ്
18. പേര് ഒപ്പ്
19. പേര് ഒപ്പ്
20. പേര് ഒപ്പ്

Annexure 3B

## FORMAT OF LOAN LEDGER

CIF Number

NAME OF NHG

Date of Issue of CIF

CIF Amount

| | | | | **Repayment** | | | | | | |
|---|---|---|---|---|---|---|---|---|---|---|
| Sl.No | Receipt Number | Installment Number | Due Date | Repayment Date | Principal Amount | Interest | Penal Interest | Total | CIF Outstanding | **Signature** |
| 1 | | | | | | | | | | |
| 2 | | | | | | | | | | |
| | | | | | | | | | | |